(ബി) & (സി) തോട്ടം തൊഴിലാളികൾക്ക് പുതിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി മിനിമം വേതന നിയമത്തിലെ 3 (1) വകുപ്പ് ക്ലാസ് (ബി)-യിലെ വ്യവസ്ഥകൾ പ്രകാരം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതനുസരിച്ച് റബ്ബർ മേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളത്തിൽ 30% വർദ്ധനവും തേയില-കാപ്പി മേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളത്തിൽ 16% വർദ്ധനവും ക്ഷാമബത്തയിൽ വർദ്ധനവും ലഭിക്കുന്നതാണ്. ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ടശേഷം 60 ദിവസത്തിനുശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ തൊഴിലാളികൾക്ക് പുതിയ നിരക്കിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ പുതിയ കോഴ്സുകൾ

29 [1348] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം കോഴ്സുകളാണ് ഇവിടെ ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായി 2005 ആഗസ്റ്റ് മുതൽ പോസ്റ്റ് ഐ.ടി.ഐ., എം.ആർ.എ.സി. ട്രേഡ് നിർത്തലാക്കി പകരം ലിഫ്റ്റ് മെക്കാനിക് ഓപ്പറേറ്റർ ട്രേഡ് തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

GPM. 2/567/2012—8

LIBRARY ARCHIVES Kerala Legislative Assembly

(സി) അരിക്കോട് ഐ.ടി.ഐ.-ൽ നിലവിലുള്ള കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	*ട്രേഡ്*	*യൂണിറ്റ്*
1	ഡി/സിവിൽ	1
2	സർവേയർ	1
3	ഇലക്ട്രീഷ്യൻ	2
4	ഫിറ്റർ	2
5	എം.എം.വി.	2
6	വയർമാൻ	2
7	ഇലക്ട്രോണിക് മെക്കാനിക്	2
8	എം.ആർ.റ്റി.വി.	1
9	കോപ്പ	1
10	വെൽഡർ	2
11	സ്റ്റെനോ (ഇംഗ്ലീഷ്)	1
12	സാനിറ്ററി ഹാർഡ് വെയർ ഫിറ്റർ	1

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം

30 [1349] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ എന്നാണ് കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചതെന്നും ഇപ്പോൾ കമ്പ്യൂട്ടർവൽക്കരണത്തിനായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണെന്നും എന്നാണ് ആ ചുമതല ഏറ്റെടുത്തതെന്നും ആ ഉദ്യോഗസ്ഥന്റെ നാളിതുവരെയുള്ള പ്രവർത്തനം എന്താണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly